സത്യം സമ്പൂർണ്ണം സുന്ദരം

കേൾക്കേണ്ട ശബ്ദം:

ഹിന്ദു എന്ന വാക്കിന് മതവുമായി ബന്ധമില്ല. ബ്രിട്ടീഷുകാർ ഇന്ത്യയിൽ കണ്ട, അവർക്ക് പരിചിതമല്ലാത്ത സമൂഹത്തെ മതമായി തെറ്റിദ്ധരിച്ചതാണ്.

-ഡോ.എം.ജി.എസ്.നാരായണൻ

മക്തബ്

1192 ധനു 28 1438 റ. ഉൽ ആഖിർ 13

ഇന്ത്യാരാജ്യം ആരുടെ തറവാട്ട് സ്വത്താണ്

വിമർശകരോട് രാജ്യം വിട്ടുപോകാൻ ആവശ്യപ്പെടുന്നത് ബി.ജെ.പി നേതാക്കളുടെ പതിവ് രീതിയാണ്. അസഹിഷ്ണുത അക്രമാസക്തമായപ്പോൾ ഇന്ത്യാ രാജ്യത്ത് ജീവിക്കുക ബുദ്ധിമുട്ടാണെന്ന് പറഞ്ഞ ബോളിവുഡ് താരം അമീർഖാനോട് രാജ്യം വിട്ടുപോകാൻ രാജ്നാഥ്സിങ്ങ് തന്നെ ആവശ്യപ്പെട്ടിരുന്നു. അതിന്റെ തുടർച്ചയാണ് ചലച്ചിത്രകാരൻ കമലിനോട് രാജ്യം വിട്ടുപോകാൻ ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി എ.എൻ. രാധാകൃഷ്ണൻ ആവശ്യപ്പെട്ടത്. മാത്രമല്ല ചെഗുവേര ചെറുപ്പക്കാരെ വഴിതെറ്റിക്കുന്ന ആളാണെന്നും അദേഹത്തിന്റെ ചിത്രങ്ങൾ കേരളത്തിൽ നിന്ന് നീക്കം ചെയ്യണമെന്നും രാധാകൃഷ്ണൻ ഉത്തരവിട്ടിരിക്കുന്നു. ബി.ജെ.പി അതിന്റെ യഥാർത്ഥ മുഖം കാണിച്ചുതുടങ്ങിയിരിക്കുന്നു. ഫാസിസത്തിന്റെ ദ്യംഷ്ടകൾ കേരളത്തിൽ പോലും പ്രകടമായി കാണാൻ തുടങ്ങിയിരിക്കുന്നു.

ഈ രാജ്യത്ത് ആരൊക്കെ ജീവിക്കണമെന്നും ആരൊക്കെ പുറത്തുപോകണമെന്നും തീരുമാനിക്കാനുള്ള അവകാശം ബി.ജെ.പി നേതാക്കൾക്ക് ആരെങ്കിലും നൽകിയിട്ടുണ്ടോ. ഒരു തിരഞ്ഞെടുപ്പിൽ മൃഗീയ ഭൂരിപക്ഷം ലഭിച്ചുവെന്നതിനാൽ എന്തും ആകാമെന്ന ധാർഷ്ട്യം വിനാശകാലേയുള്ള വിപരീതബുദ്ധിയാണ്.

കമൽ എസ്.ഡി.പി.ഐയെ പോലുള്ള തീവ്രവാദി സംഘടനകൾക്കൊപ്പം പ്രവർത്തിക്കുന്ന ആളാണെന്നാണ് രാധാകൃഷ്ണൻ കണ്ടുപിടിച്ചിരിക്കുന്നത്. ബി.ജെ.പിക്കാരുടെ തീവ്രവാദത്തിന്റെ അളവുകോൽ എന്താണാവോ. ബി.ജെ.പി ജനാധിപത്യ പാർട്ടിയാണെങ്കിൽ എസ്.ഡി.പി.ഐ എങ്ങനെയാണ് തീവ്രവാദ സംഘടനയാകുന്നത്. ഇനി വാദത്തിനുവേണ്ടി അങ്ങനെ അംഗീകരിച്ചാൽ തന്നെ കമലിനെ എങ്ങനെയാണ് എസ്.ഡി.പി.ഐക്കാരനായി മുദ്രയടിക്കുക. പരമാവധി പറയാവുന്നത് അദേഹം ഇടതുപക്ഷ സഹയാത്രികനാണെന്നാണ്. അങ്ങനെയുള്ള ഒരാളെ എസ്.ഡി.പി.ഐക്കാരനായി മുദ്രയടിച്ച് വേട്ടയാടുന്നത് പഴയൊരു തന്ത്രമാണ്. ഫാസിസ്റ്റുകളുടെ സഹജസ്വഭാവമാണത്.

ഇന്ത്യാ രാജ്യത്ത് ആരൊക്കെ ജീവിക്കണമെന്ന് തീരുമാനിക്കാനുള്ള എന്ത് ധാർമ്മിക അവകാശമാണ് ബി.ജെ.പി നേതാക്കൾക്കുള്ളത്. ബ്രിട്ടീഷ് ആധിപത്യത്തിന് എതിരെ ദേശസ്നേഹികൾ പടപൊരുതിയാണ് ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിത്തന്നത്. ആ പോരാട്ടത്തിൽ ജീവൻദാനികളായവരുണ്ട്. ഭീകരമായ പോലീസ്- സൈനീക നടപടികൾക്ക് ഇരയായവരുണ്ട്. തടവറയിൽ ജീവിതം ഹോമിച്ചവരുണ്ട്. അന്ന് എവിടെയായിരുന്നു ബി.ജെ.പിയുടെ പൂർവസൂരികൾ. ആർ.എസ്.എസ് നേതൃത്വം അന്ന് ആർക്കാണ് പാദസേവ ചെയ്തതെന്ന് എല്ലാവർക്കും അറിയാം. സ്വാതന്ത്ര്യത്തിനുവേണ്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസും സോഷ്യലിസ്റ്റുകളും കമ്മ്യൂണിസ്റ്റുകാരും ഒക്കെ സജീവ പങ്കാളിത്തം വഹിച്ചിട്ടുണ്ട്. തീർച്ചയായും കിറ്റ്ന്ത്യാ സമരത്തിൽ ഫലത്തിൽ ബ്രിട്ടീഷുകാരെ സഹായിക്കുന്ന നിലപാട് അന്നത്തെ കമ്മ്യൂണിസ്റ്റ് നേതൃത്വം സ്വീകരിച്ചിട്ടുണ്ട്. അതൊഴിച്ചുനിർത്തിയാൽ സ്വാതന്ത്ര്യസമര പോരാട്ടത്തിൽ കമ്മ്യൂണിസ്റ്റുകാർ വഹിച്ച പങ്ക് ആർക്കും നിഷേധിക്കാനാവില്ല. കിറ്റ്ന്ത്യാ സമരത്തിൽ കമ്മ്യൂണിസ്റ്റുകാർ സ്വീകരിച്ച വഞ്ചനാപരമായ നിലപാടിനെ ചോദ്യം ചെയ്യാനുള്ള അവകാശം പോലും ബി.ജെ.പിക്കില്ല. അത് കോൺഗ്രസുകാരും സോഷ്യലിസ്റ്റുകളും നടത്തട്ടെ. സ്വാതന്ത്ര്യസമരത്തിന് നേരെ മുഖം തിരിഞ്ഞുനിന്നവർ ദേശസ്നേഹത്തിന്റെ അപ്പോസ്തലപ്പൻമാരായി ചമയേണ്ട.

അമീർഖാനും കമലും ഒക്കെ ബി.ജെ.പി നേതൃത്വത്തെ വിമർശിക്കുമ്പോൾ അവരെ നാടുകടത്തണമെന്ന് നാക്കിട്ടലക്കുന്നതിന് പിറകിൽ മറ്റൊരു ഗൂഢലക്ഷ്യം കൂടിയുണ്ട്. കാരണം അവർ മുസ്ലിങ്ങളാണ്. മുസ്ലിങ്ങൾ സമം രാജ്യദ്രോഹികൾ എന്നൊരു സമവാക്യം രൂപപ്പെടുത്തിയെടുക്കാൻ ബി.ജെ.പി നേതൃത്വം കൊണ്ടുപിടിച്ച് ശ്രമിക്കുന്നുണ്ട്. മുസ്ലിങ്ങളെ അപരൻമാരായി ചിത്രീകരിച്ച് ഫാസിസ്റ്റ്വൽക്കരണത്തിന് വേഗത കൂട്ടാനുള്ള ഈ ഹീനമായ നീക്കം തിരിച്ചറിയപ്പെടേണ്ടതാണ്. രാജ്യത്തിന്റെ സമ്പത്ത് മുഴുവൻ വിദേശശക്തികൾക്കും കോർപ്പറേറ്റുകൾക്കും കൊള്ളയടിക്കുന്നതിന് ദല്ലാൾ പണി ചെയ്തു കൊണ്ടിരിക്കുന്ന ഒരു സർക്കാരിന് നേതൃത്വം നൽകുന്നവരിൽ നിന്ന് രാജ്യസ്നേഹത്തിന്റെ പാഠം പഠിക്കേണ്ടുന്ന ഗതികേട് ഇന്ത്യക്കാർക്ക് ഉണ്ടാകാതിരിക്കട്ടെ.

ചെറുപ്പക്കാരെ വഴിതെറ്റിക്കുന്ന ആളായി ലോകവിപ്ലവ ഇതിഹാസം ചെഗുവേരയെ ചിത്രീകരിക്കുന്നത് ബി.ജെ.പി ഉയർത്തിപ്പിടിക്കുന്ന അമേരിക്കൻ സാമ്രാജ്യത്ത താൽപ്പര്യത്തിന്റെ പ്രകടനമാണ്. ചെ സാമ്രാജ്യത്ത ശക്തികളുടെ നമ്പർ വൺ ശത്രുവായിരുന്നു. അതുകൊണ്ടാണ് ബൊളിവിയൻ കാടുകളിൽ വിപ്ലവത്തിന്റെ കാട്ടുതീ പടർത്തിയ അദേഹത്തെ പിടികൂടി അമേരിക്കൻ സൈന്യം അതിക്രൂരമായി വധിച്ചത്. എന്നാൽ ഇപ്പോൾ ചെ യുവാക്കൾക്കിടയിൽ സ്വാധീനം ചെലുത്തിവരികയാണ്. നിലമ്പൂർ കാടുകളിൽ രണ്ട് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടപ്പോൾ ചെഗുവേരയെ കുറിച്ചുള്ള ഓർമ്മകൾ വീണ്ടും സാമൂഹ്യമാധ്യമങ്ങളിലൊക്കെ കടന്നുവന്നു. ചെ ഉയർത്തുന്ന ആശയ ലോകത്തെയാണ് ബി.ജെ.പി ഭയപ്പെടുന്നത്. ഒരു പുതിയലോകം കെട്ടിപ്പെടുക്കാൻ വേണ്ടി നടത്തുന്ന വിപ്ലവ പോരാട്ടങ്ങളല്ല അറും കൊലകൾ. ഗുജറാത്തിലും അയോധ്യയിലും ഇന്ത്യയുടെ മറ്റ് പല ഭാഗങ്ങളിലും ആയിരങ്ങളെ അതിക്രൂരമായി കൊലപ്പെടുത്തിയത് ചെഗുവേരയുടെ ചിത്രം കാരണമാണോ. കേരളത്തിൽ ഇപ്പോഴും അവസാനിക്കാത്ത കക്ഷിരാഷ്ട്രീയ കൊലകളുടെ പ്രചോദനം ചെഗുവേരയാണോ. കൊലയാളികളുടെ അഹിംസ മന്ത്രജപം തട്ടിപ്പാണ്. അത് ലോകത്തെ വിമോചന പോരാട്ടങ്ങളെ മുഴുവൻ തിരസ്കരിക്കാനുള്ള ചരിത്രത്തെ വളച്ചൊടിക്കാനുള്ള ഗൂഢതന്ത്രമാണ്. ചെഗുവേരയെ എതിർസ്ഥാനത്ത് നിർത്തി ഗാന്ധിജിയെയും മദർ തെരേസയെയും പ്രകീർത്തിക്കുമ്പോൾ ഇവർക്ക് എന്നുമുതലാണ് ഈ രണ്ട് മഹദ് വ്യക്തികളും സ്വീകാര്യരായത് എന്നുകൂടി പരിശോധിക്കണം. ഫാസിസ്റ്റുകൾ അങ്ങനെയാണ്. അവർ നുണകളും അവസരവാദ ന്യായങ്ങളും ചമച്ചുകൊണ്ടേയിരിക്കും.

കുടിവെള്ളമില്ലാതെ കോളി ആദിവാസി പുനരധിവാസ കോളനി ദുരിതത്തിൽ

ആലക്കോട്: വേനൽ കടുത്തതോടെ ആലക്കോട് പഞ്ചായത്ത് കുട്ടാപറമ്പ് വാർഡിലെ കോളി പുനരധിവാസ കോളനിയിലെ 50ലധികം ആദിവാസി കുടുംബങ്ങൾ കുടിവെള്ളമില്ലാതെ അതീവ ദുരിതം പേറുന്നു. ആലക്കോട് ടൗണിൽ നിന്ന് ദൂരെയുള്ള മലമുകളിലാണ് കോളി ആദിവാസി പുനരധിവാസ മേഖല സ്ഥിതി ചെയ്യുന്നത്. യാതൊരു കുടിവെള്ള പദ്ധതികളും ഇവിടെയില്ലാത്തതാണ് ജനങ്ങളെ വലയ്ക്കുന്നത്. മൂന്ന് കിലോമീറ്റർ ദൂരെ നിന്ന് വരെ മലമുകളിലേക്ക് കുടിവെള്ളം ചുമക്കേണ്ട ദുരവസ്ഥയിലാണ് കോളനിവാസികൾ. ജനങ്ങളിൽ നിന്ന് പരാതി ഉയരുമ്പോൾ താൽക്കാലികമായ എന്തെങ്കിലും ആവിഷ്ക്കരിച്ച് അധികൃതർ തടിതപ്പും. ദിവസങ്ങൾ കഴിയുന്നതോടെ കുടിവെള്ളം വീണ്ടും കിട്ടാക്കനിയാകും. കോളിയിലെ കുടുംബങ്ങൾക്ക് സ്ഥിരമായി കുടിവെള്ളം ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കാത്തതാണ് ജനങ്ങൾ നേരിടുന്ന ദുരിതങ്ങളുടെ പ്രധാന കാരണം. കുടിക്കാൻ ശുദ്ധജലമില്ലാതെ വന്നതോടെ പല കുടുംബങ്ങളും നരകയാതനയാണ് അനുഭവിക്കുന്നതെന്ന് കോളനിവാസികൾ പറയുന്നത്. പുനരധിവാസ മേഖലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ശാശ്വത നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഊര് മൂപ്പൻ പി.ആർ. രാഘവന്റെ നേതൃത്വത്തിൽ കോളി ഊര് കൂട്ടം കലക്ടർ ഉൾപ്പെടെയുള്ള അധികൃതർക്ക് നിവേദനം നൽകി.

WISDOM ISM കണ്ണൂർ ജില്ലാ കമ്മിറ്റിയും മലബാർ കാൻസർ സെന്റർ തലശ്ശേരിയും സംഘടിപ്പിക്കുന്ന
കാൻസർ ബോധവത്കരണ ക്ലാസ്സ്
ജനുവരി 10 ജവഹർ ഓഡിറ്റോറിയം, കണ്ണൂർ

ഐ.എസ്.എം കണ്ണൂർ ജില്ലാ കമ്മിറ്റി മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച കാൻസർ ബോധവൽക്കരണ ക്ലാസ് സി.പി.സലീം ഉദ്ഘാടനം ചെയ്യുന്നു

പുതുതായുള്ള അപേക്ഷകരുടെ റേഷൻ കാർഡ് ഹിയറിംഗ് തുടങ്ങി

തളിപ്പറമ്പ: തളിപ്പറമ്പ് താലൂക്കിൽ ഏഴിന് റേഷൻ കാർഡ് മുൻഗണന പട്ടികയിൽ പരാതി സമർപ്പിച്ചവർക്കുള്ള ഹിയറിംഗ് തുടങ്ങി. 17 വരെ അതാത് പഞ്ചായത്ത് / മുനിസിപ്പാലിറ്റികളിൽ നടത്തും. ഒരേ കടയിൽ ഒന്നിലധികം പഞ്ചായത്തുകളിലെയോ / മുനിസിപ്പാലിറ്റികളിലേയോ കാർഡുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അവരവർ താമസിക്കുന്ന പഞ്ചായത്തിൽ / മുനിസിപ്പാലിറ്റിയിൽ ഹിയറിംഗ് നടക്കുന്ന സമയത്ത് ഹാജരാകണം.

നാളെ മുതൽ ഹിയറിംഗ് നടക്കുന്ന പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവ യഥാക്രമം ചുവടെ: നാളെ രാവിലെ പത്ത് മുതൽ ഒരു മണി വരെ പയ്യാവൂർ, ഉച്ചയ്ക്ക് രണ്ട് മുതൽ നാല് വരെ ഏരുവേശി, പത്ത് മണി മുതൽ മൂന്ന് മണി വരെ കൊളച്ചേരി, രാവിലെ പത്ത് മുതൽ ഒരു മണി വരെ ഉദയഗിരി, പത്ത് മണി മുതൽ മൂന്ന് വരെ പരിയാരം, എരമം കുറ്റൂർ, രാമന്തളി, ഉച്ചയ്ക്ക് രണ്ട് മുതൽ നാല് വരെ ആലക്കോട്. 16ന് രാവിലെ പത്ത് മുതൽ ഒരു മണി വരെ ചപ്പാരപ്പടവ്, മയ്യിൽ, ഇരിക്കൂർ, ഉച്ചയ്ക്ക് രണ്ട് മുതൽ നാല് വരെ കുറ്റ്യാട്ടൂർ, മലപ്പട്ടം. 17ന് രാവിലെ പത്ത് മുതൽ ഒരു മണി വരെ കരിവെള്ളൂർ പെരളം, ശ്രീകണ്ഠപുരം, ഉച്ചയ്ക്ക് രണ്ട് മുതൽ നാല് വരെ കാങ്കോൽ, ആലപ്പടമ്പ്, ചെങ്ങളായി.

ആയുധം കണ്ടെടുത്ത സംഭവത്തിൽ സമഗ്രാന്വേഷണം വേണം: പി. ജയരാജൻ

കണ്ണൂർ: മുണ്ടേരി, പാപ്പിനിശേരി, പള്ളിക്കുന്ന് എന്നിവിടങ്ങളിൽ നിന്ന് വൻ തോതിൽ ആയുധങ്ങൾ കണ്ടെത്തിയ സംഭവത്തിൽ കുറ്റക്കാരെ കണ്ടെത്തുന്നതിന് സമഗ്രമായ അന്വേഷണം വേണമെന്ന് സി.പി.എം ജില്ലാ സെക്രട്ടറി പി.ജയരാജൻ ആവശ്യപ്പെട്ടു.

ജില്ലയിൽ മതതീവ്രവാദ ശക്തികളുടെ പ്രവർത്തനം ശക്തിപ്പെട്ടിരിക്കുകയാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഒരു ഭാഗത്ത് ആർ.എസ്.എസും മറുഭാഗത്ത് പോപ്പുലർ ഫ്രണ്ടും തങ്ങളുടെ സ്വാധീന കേന്ദ്രങ്ങളിൽ വൻ തോതിൽ ആയുധങ്ങൾ സംഭരിച്ചിട്ടുണ്ടെന്നാണ് ഇത് തെളിയിക്കുന്നത്. ചുവപ്പ് മുണ്ടുടുത്തവരെയും ഹെൽമറ്റിൽ ചെഗുവേരയുടെ ചിത്രം പതിച്ചവരെയും ഇവർ വെറുതെ വിടുന്നില്ല. ആർ.എസ്.എസ് താവളങ്ങളിൽ മറ്റുള്ളവരെ പ്രവേശിപ്പിക്കില്ലെന്ന നിലപാട് സ്വീകരിച്ചാൽ അവർക്കുള്ളതിനെക്കാളേറെ സ്വാധീന കേന്ദ്രങ്ങൾ മറ്റുള്ളവർക്കുണ്ട്. മറിച്ചും ഇതേ നിലപാട് സ്വീകരിച്ചാൽ നാടിന്റെ സമാധാനമാണ് തകരാൻ പോകുന്നത്. ഇത് ആക്രമണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നവർ ചിന്തിക്കണമെന്നും അദേഹം പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

ശ്രേയസ് ആശാ കിരണം: കാൻസർ സുരക്ഷായജ്ഞം ഉദ്ഘാടനം നാളെ

ആലക്കോട്: കാൻസർ ഉൾപ്പെടെയുള്ള മാരക രോഗങ്ങളിൽപ്പെട്ട് വലയുന്നവരെ സഹായിക്കുന്നതിനായി ബത്തേരി രൂപതയുടെ കീഴിലുള്ള സാമൂഹ്യ സംഘടനയായ ശ്രേയസിന്റെ നേതൃത്വത്തിൽ കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ ആശാകിരണം കാൻസർ സുരക്ഷായജ്ഞം നടപ്പിലാക്കുന്നു. പദ്ധതിയുടെ മേഖലാതല ഉദ്ഘാടനവും വളയണ്ടിയേഴ്സിനുള്ള പരിശീലനവും നാളെ രാവിലെ 10.30ന് കരുവഞ്ചാൽ ശ്രേയസ് ഓഡിറ്റോറിയത്തിൽ നടക്കും. ആലക്കോട് പഞ്ചായത്ത് പ്രസിഡണ്ട് മോളി മാനുവൽ ഉദ്ഘാടനം നിർവഹിക്കും. ശ്രേയസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ.ടോണി കോഴിമണ്ണിൽ അധ്യക്ഷത വഹിക്കും. വി.എ.റഹിം, ടി.ജി.വിക്രമൻ, ഷൈനി വട്ടയ്ക്കാട്ട്, സാലി നടുപ്പറമ്പിൽ, ഫാ.ജേക്കബ് ചുണ്ടക്കാട്ട്, ഫാ.തോമസ് കണ്ണംകുളം, ആലക്കോട് സി.ഐ ഇ.പി.സുരേശൻ പ്രസംഗിക്കും. അഭീഷ് പരിശീലനത്തിന് നേതൃത്വം നൽകും. സാജൻ വർഗീസ് സ്വാഗതവും റിൽജോ മാത്യു നന്ദിയും പറയും.

മത സാഹോദര്യത്തിൽ അഖിലഭാരത അയ്യപ്പസേവാസംഘത്തിന്റെ സമൂഹസദ്യ

പരിയാരം: അഖിലഭാരത അയ്യപ്പസേവാസംഘം തളിപ്പറമ്പ് താലൂക്ക് യൂണിയന്റെ പരിയാരം കോരൻപീടിക കാവിൻചാലിലെ അന്നദാന ക്യാമ്പിൽ നടന്ന സമൂഹസദ്യ മത സാഹോദര്യത്തിന്റെ സമാനതകളില്ലാത്ത സന്ദേശമായി മാറി. അന്നദാനക്യാമ്പുമായി എല്ലാ വിഭാഗത്തിലുംപെട്ടവർ സഹകരിക്കാനെത്തിയതോടെയാണ് സമൂഹസദ്യ വേണം എന്ന ആവശ്യമുയർന്നത്.

നവമ്പർ 15ന് പ്രവർത്തനം തുടങ്ങിയ അന്നദാന ക്യാമ്പിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന അയ്യപ്പഭക്തൻമാർക്കും തദ്ദേശീയരായ സ്വാമിമാർക്കും മൂന്നുനേരവും സൗജന്യമായി ഭക്ഷണം നൽകിവരികയാണ്. മകരവിളക്ക് അടുത്തതോടെ ഇടത്താവളത്തിൽ വൻ തിരക്കാണ് അനുഭവപ്പെടുന്നത്. പൊതുജനങ്ങളുടെ മുഴുവൻ കൂട്ടായ്മയിൽ നടത്തപ്പെടുന്നതായതിനാൽ ഇന്നലെ രാവിലെ 11 മുതൽ നാട്ടുകാരുടെ നേതൃത്വത്തിൽ 2500 പേർക്കാണ് എട്ടുകൂട്ടം കറികളും പ്രഥമനും ഉൾപ്പെടെ വിഭവസമൃദ്ധമായ സദ്യയൊരുക്കിയത്. പരിയാരം സുബ്രഹ്മണ്യസ്വാമി ക്ഷേത്രം മേൽശാന്തി പാച്ചമംഗലം നാരായണൻ നമ്പൂതിരിപ്പാട്, തളിപ്പറമ്പ് ഫൊറോന വികാരി ഫാ. ബെന്നി മണപ്പാട്ട്, പരിയാരം ജുമാമസ്ജിദ് ഖത്തീബ് അലി ഫൈസി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ദേവസ്വം ബോർഡ് കാസർക്കോട് ഡിവിഷൻ ചെയർമാൻ കൊയ്യം ജനാർദനൻ ഉദ്ഘാടനം ചെയ്തു. ജാതി-മതഭേദമന്യേ പ്രദേശവാസികളുടെയെല്ലാം സഹകരണത്തോടെയാണ് സദ്യക്ക് വേണ്ടിയുള്ള പച്ചക്കറികൾ, അരി, വെളിച്ചെണ്ണ തുടങ്ങി എല്ലാ സാധനങ്ങളും ശേഖരിച്ചത്.

അഖില ഭാരത അയ്യപ്പ സേവാസംഘം പരിയാരം കോരൻപീടിക കാവിൻചാലിലെ അന്നദാന ക്യാമ്പിൽ സമൂഹസദ്യ കൊയ്യം ജനാർദനൻ ഉദ്ഘാടനം ചെയ്യുന്നു.

കെ. സി. കടമ്പൂരാന്റെ നിര്യാണത്തിൽ അനുശോചനം

തളിപ്പറമ്പ: കെ.സി.കടമ്പൂരാന്റെ നിര്യാണത്തിൽ ബ്ലോക്ക് കർഷക കോൺഗ്രസ് അനുശോചിച്ചു. പി.മൊയ്തു മാസ്റ്റർ അധ്യക്ഷത വഹിച്ചു. കെ.സി.വിജയൻ, എ.ഡി.സാബൂസ്, കരയപ്പാത്ത് ഗോവിന്ദൻ, ഗോപാലകൃഷ്ണൻ നായർ, എ.വി.കുഞ്ഞിരാമൻ, എ.മോഹനൻ, എ.മുകുന്ദൻ, എം.രമേശ്, ടി.വി.രവി, കുഞ്ഞപ്പൻ ഏമ്പേറ്റ്, രാജീവൻ വടക്കാഞ്ചേരി, എം.പി.മുസ്തഫ പ്രസംഗിച്ചു.

കർഷക കോൺഗ്രസ് ഉദയഗിരി മണ്ഡലം കമ്മിറ്റി യോഗം അനുശോചിച്ചു. പ്രസിഡണ്ട് ടോമി കണയങ്കൽ അധ്യക്ഷത വഹിച്ചു. ജോസ് പറയൻകുഴി, ഷെന്നി മാങ്കോട്ടിൽ, ബിജു പുളിയന്തൊട്ടി, ബേബി നരിതൂക്കിൽ പ്രസംഗിച്ചു.

ആലക്കോട് മണ്ഡലം കോൺഗ്രസ് കമ്മിറ്റി യോഗം അനുശോചിച്ചു. വർഗീസ് പയ്യമ്പള്ളിൽ അധ്യക്ഷത വഹിച്ചു. സി. മോഹനൻ, ലാലു കുന്നപ്പള്ളി, വിജേഷ് ആന്റണി, ബെന്നി മണിക്കുറ്റി, ഔസേപ്പച്ചൻ തേവറോലിക്കൽ പ്രസംഗിച്ചു.

കാൻസർ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

കണ്ണൂർ: മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷൻ യുവഘടകം (ഐ.എസ്.എം) കണ്ണൂരിൽ സംഘടിപ്പിച്ച കാൻസർ ബോധവൽക്കരണ സംഗമം സി.പി.സലീം ഉദ്ഘാടനം ചെയ്തു. കാൻസർ ബോധവൽക്കരണ പ്രചാരണം പയ്യന്നൂരിൽ മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. കണ്ണൂരിൽ നടന്ന ബോധവൽക്കരണ ക്ലാസിനും സംശയ നിവാരണത്തിനും തലശേരി മലബാർ കാൻസർ സെന്ററിലെ ഡോ. ഫിൻസ് എം.ഫിലിപ്പ്, ഡോ.എ.പി.നീതു എന്നിവർ നേതൃത്വം നൽകി. രജിസ്റ്റർ ചെയ്ത 200 പേർക്ക് ഫിബ്രവരി 20ന് ജവഹർ ഓഡിറ്റോറിയത്തിൽ സൗജന്യ കാൻസർ നിർണ്ണയക്യാമ്പ് നടക്കുമെന്ന് വിസ്ഡം ഭാരവാഹികൾ അറിയിച്ചു. യൂത്ത്ലീഗ് സംസ്ഥാന സെക്രട്ടറി പി.കെ.സുബൈർ സംസാരിച്ചു. അബൂബക്കർ മാഹി അധ്യക്ഷത വഹിച്ചു. മുഹമ്മദലി മാസ്റ്റർ സ്വാഗതവും ശബീർ നന്ദിയും പറഞ്ഞു.

എ.പി. മൂസാൻകുട്ടിയെ അനുസ്മരിച്ചു

കണ്ണൂർ: പ്രസ് ക്ലബ് മുൻ സെക്രട്ടറിയും വീക്ഷണം, ആകാശവാണി ലേഖകനുമായിരുന്ന എ.പി. മൂസാൻകുട്ടിയെ അനുസ്മരിച്ചു. പ്രസ് ക്ലബിൽ സംഘടിപ്പിച്ച പരിപാടിയിൽ പി.ആർ.ഡി മുൻ ഡെപ്യൂട്ടി ഡയറക്ടർ കെ.വി. ബാലകൃഷ്ണൻ അനുസ്മരണ പ്രഭാഷണം നടത്തി. പ്രസ്ക്ലബ് പ്രസിഡണ്ട് കെ.ടി. ശശി അധ്യക്ഷത വഹിച്ചു. പി. ഗോപി, എം. അബ്ദുറഹ്മാൻ, ഒ. കരുണൻ, എം.വി. പ്രസാദ്, പി. ദിവാകരൻ, വി. ഹരിശങ്കർ, പ്രസ് ക്ലബ് സെക്രട്ടറി എൻ.പി. സി. രഞ്ജിത്, കെ.ഒ. ശശിധരൻ, സി. അനിൽകുമാർ, സദാശിവൻ ഇരിങ്ങൽ പ്രസംഗിച്ചു.

സംഘാടക സമിതി രൂപീകരണ യോഗം ഇന്ന്

തളിപ്പറമ്പ: കോൺഗ്രസ് സംഘടിപ്പിക്കുന്ന ജനസംവാദ സദസിന്റെ സംഘാടക സമിതി രൂപീകരണ യോഗം ഇന്ന് വൈകുന്നേരം മൂന്ന് മണിക്ക് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ നടക്കും. ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി ഉദ്ഘാടനം ചെയ്യും. 16ന് ടൗൺ സ്ക്വയറിലാണ് സംവാദ സദസ് നടക്കുക.

മുസ്ലിംലീഗ് ബഹുജനറാലി നാളെ കണ്ണൂരിൽ

കണ്ണൂർ: ഭീകരവാദത്തിന്റെ പേരിൽ മതസ്ഥാപനങ്ങളെയും പ്രബോധകരെയും യു.എ.പി.എ. ചുമത്തി പീഡിപ്പിക്കുന്ന കേന്ദ്ര-കേരള സർക്കാരുകളുടെ തെറ്റായ നയത്തിനെതിരെയുള്ള ജനജാഗരണ പരിപാടിയുടെ ഭാഗമായി ജില്ലാ മുസ്ലിംലീഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നാളെ കണ്ണൂരിൽ ബഹുജന റാലി നടത്തും. വൈകുന്നേരം അഞ്ച് മണിക്ക് സ്റ്റേഡിയം കോർണറിൽ നടക്കുന്ന റാലി മുസ്ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി. എ. മജീദ് ഉദ്ഘാടനം ചെയ്യും. ദേശീയ സെക്രട്ടറി ഇ.ടി. മുഹമ്മദ് ബഷീർ എം.പി., പ്രശസ്ത എഴുത്തുകാരൻ വി.ആർ. സുധീഷ്, കെ.എം. ഷാജി എം.എൽ.എ, ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി, യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. ഫിറോസ്, അഡ്വ. വി.കെ. ഫൈസൽ ബാബു, മുസ്ലിംലീഗ് സംസ്ഥാന നേതാക്കളായ വി.കെ. അബ്ദുൾഖാദർ മൗലവി, അബ്ദുറഹിമാൻ കല്ലായി പ്രസംഗിക്കും.

കുടുംബസംഗമം സംഘടിപ്പിച്ചു

ഏഴോം: ശ്രീനാരായണ ഗുരുവിന്റെ നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ നൂറാം വാർഷികത്തിന്റെ ഭാഗമായി കൊട്ടില സർഗ്ഗചേതന പബ്ലിക് ലൈബ്രറി കുടുംബസംഗമം സംഘടിപ്പിച്ചു. സി.ഇ.രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. വനിതാ നാടക പ്രവർത്തകരെ ആദരിച്ചു. ഫ്രാങ്കോ, പി.ഡാലിയ, ടി.സ്മിത, ഇ.പി.പ്രഭാകരൻ, കെ.രമ, സി.ആദിത്യൻ, നിധിൻ ഏഴോം, എ.പി.സജീവൻ, കാർത്തിക കെ.പ്രഭ, സുരഭി പ്രവീൺ, സിന്ധു ശ്രീനിവാസൻ, സുരഭി സുരേഷ്, കെ.പ്രിയ സംസാരിച്ചു. എൻ.രാജീവൻ അധ്യക്ഷത വഹിച്ചു. പി.എം.കൃഷ്ണപ്രഭ സ്വാഗതവും പി.പി.രൂപേഷ് നന്ദിയും പറഞ്ഞു.

സംരംഭം തൊഴിൽ പരിശീലനം

ശ്രീകണ്ഠപുരം: സർവ്വശിക്ഷാ അഭിയാൻ ഇരിക്കൂർ ബി.ആർ.സിയുടെ ആഭിമുഖ്യത്തിൽ എസ്.സി, എസ്.ടി. കുട്ടികൾക്ക് നൽകുന്ന തൊഴിൽ പരിശീലന സംരംഭം നിടുവാലൂർ സ്കൂളിൽ നടന്നു. ചെങ്ങളായി പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. കെ.കെ. രത്നകുമാരി ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് പി.പി. ഭാഗ്യലക്ഷ്മി അധ്യക്ഷത വഹിച്ചു. ബി.പി.ഒ ടി.വി. പവിത്രൻ, ഇ.പി. സുരേഷ്ബാബു, എം.കെ. ഉണ്ണികൃഷ്ണൻ, പി.ടി.എ പ്രസിഡണ്ട് കെ.വി. ഗണേശൻ, ബിജു, ടി.വി.ഒ സുനിൽകുമാർ, സീനത്ത് ബാനു, കെ. ഷിജിത്ത്, എ.ഇ.ഒ കെ.കെ. മോഹനൻ സംസാരിച്ചു.

സ്വാശ്രയ സംഘം ഭാരവാഹികൾ

പരിയാരം: അമ്മാനപ്പാറ ഉണർവ്വ് പുരുഷ സഹായസംഘം ഭാരവാഹികളായി പി.പി.ലോഹിതാക്ഷൻ (പ്രസിഡണ്ട്), കെ.സതീശൻ (വൈസ് പ്രസിഡണ്ട്), ടി.വി.രതീഷ് (സെക്രട്ടറി), എം.വി.ശ്രീനിവാസൻ (ജോ.സെക്രട്ടറി), എൻ.സന്തോഷ് (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

തളിപ്പറമ്പ: മാവിച്ചേരി അമ്പലംമൂല ഉദയം പുരുഷ സ്വാശ്രയ സംഘം ഭാരവാഹികളായി എം.രാഘവൻ (പ്രസിഡണ്ട്), കെ.വിജു (വൈസ് പ്രസിഡണ്ട്), കെ.സുഭാഷ്കുമാർ (സെക്രട്ടറി), കെ. ലിജേഷ് (ജോ. സെക്രട്ടറി), പി.കെ.കുബേരൻ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

അറിയിപ്പ്

തളിപ്പറമ്പ: വെള്ളക്കരം അടക്കുന്നതിൽ നിന്ന് ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യം ലഭിക്കുന്നതിന് 31നകം ജല അതോറിറ്റിയുടെ മന്നയിലെ വാട്ടർ അതോറിറ്റി സബ്ഡിവിഷൻ ഓഫീസിൽ അപേക്ഷിക്കണം. റേഷൻ കാർഡിന്റെ ഒന്നും രണ്ടും പേജിന്റെ പകർപ്പും തിരിച്ചറിയൽ കാർഡ് പകർപ്പും സഹിതമാണ് അപേക്ഷിക്കേണ്ടത്.

അപേക്ഷ ക്ഷണിച്ചു

പരിയാരം: പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന നിർഭയ 2017 വനിത സ്വരക്ഷ കരാട്ടേ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള 16 വയസ് മുതൽ പ്രായമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പരിയാരം, കുറ്റ്യേരി എന്നീ രണ്ട് കേന്ദ്രങ്ങളിൽ 30 വീതം പേർക്കാണ് പരിശീലനം ലഭിക്കുക. അപേക്ഷകർ 14ന് മുമ്പായി രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 0460 2202382, 2203262 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

ഡി. ആന്റ് ഒ ലൈസൻസ് ഫീസ്

തളിപ്പറമ്പ: നഗരസഭയുടെ പരിധിയിൽ വരുന്ന കച്ചവട സ്ഥാപനങ്ങളിൽ നിന്നുള്ള 2016-17 വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് ഫീസ് 15 മുതൽ നഗരസഭാ ഓഫീസിൽ സ്വീകരിക്കും. നഗരസഭാപരിധിയിലുള്ള എല്ലാ വ്യാപാര വ്യവസായ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കേണ്ടതാണെന്ന് സെക്രട്ടറി അറിയിച്ചു.

വിവാഹിതരായി

ചിപ്പി–അഭി

ആലക്കോട്: മണക്കടവിലെ പള്ളിപ്പറമ്പിൽ സാജു മാത്യുവിന്റെയും ജാൻസിയുടെയും മകൾ ചിപ്പിയും നീലഗിരി ചപ്പുംതോട് ചേരമ്പാടി അയ്യമ്പിള്ളി പാപ്പച്ചന്റെയും ലില്ലിയുടെയും മകൻ അഭിയും വിവാഹിതരായി.

ഹിറ്റാച്ചി വാടകയ്ക്ക് ആവശ്യമുണ്ട്

കരിങ്കല്ല് പൊട്ടിക്കുന്നതിന് 120, 130, 140 എന്നീ സൈസുകളിലുള്ള ഹിറ്റാച്ചി ഉടൻ വാടകയ്ക്ക് ആവശ്യമുണ്ട്. ബന്ധപ്പെടുക:

9446474444

സെയിൽസ് ഗേളിനെ ആവശ്യമുണ്ട്

തളിപ്പറമ്പിലെ പ്രമുഖ ഒപ്ടിക്കൽ ഷോപ്പിലേക്ക് (കണ്ണട ഷോപ്പ്) സെയിൽസ് ഗേളിനെ ഉടൻ ആവശ്യമുണ്ട്. ബന്ധപ്പെടുക.

9446263640

ആവശ്യമുണ്ട്

കമ്പ്യൂട്ടർ പരിജ്ഞാനമുള്ള (ഓൺലൈൻ മേഖല) ലേഡി സ്റ്റാഫിനെ തളിപ്പറമ്പിലുള്ള ഒളിമ്പിക് ട്രാവൽ ഏജൻസിയിലേക്ക് ഉടൻ ആവശ്യമുണ്ട്.

ഒളിമ്പിക് ടൂർ ആന്റ് ട്രാവൽസ്
ഹൈവേ, തളിപ്പറമ്പ
Mob: 9400402548

ആവശ്യമുണ്ട്

ലേഡി സ്റ്റാഫ് –1
സെയിൽസ്മാൻ – 2

കർട്ടൻപാലസ്
ചിറവക്ക്, തളിപ്പറമ്പ
Mob:9846043217
9846743217

ഏകദിന സ്ട്രസ് മാനേജ്മെന്റ് ശിൽപശാല

(മാനസിക സമ്മർദ്ദം ലഘൂകരിക്കാനുള്ള ശില്പശാല)

പ്രശസ്ത മനഃശാസ്ത്രജ്ഞനും സ്ട്രസ്സ് മാനേജ്മെന്റ് ഗുരുവുമായ ഡോ.സി.കെ. അനിൽകുമാറിന്റെ നേതൃത്വത്തിൽ ജനുവരി 14ന് ശനിയാഴ്ച കണ്ണൂർ സയൻസ് പാർക്കിൽ വെച്ച് ഒരു ഏകദിന സ്ട്രസ്സ് മാനേജ്മെന്റ് ശിൽപശാല നടത്തുന്നു. മാനസിക സമ്മർദ്ദം പരിഹരിക്കാനും ജീവിതവിജയം കൈവരിക്കുവാനും ഉതകുന്ന ഈ ശിൽപശാലയിൽ ആദ്യം പേര് ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമാണ് പ്രവേശനം. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9544252544, 9526005689 നമ്പറിലേക്ക് ബന്ധപ്പെടുക.

ഇലക്ട്രോണിക് ത്രാസുകൾ
ഇപ്പോൾ 4200 രൂപ മുതൽ
ബന്ധപ്പെടുക
പ്രൊഫഷണൽ വെൻചേർസ്
ഹൈസ്കൂളിന് സമീപം, കല്ല്യാശേരി, കണ്ണൂർ– 670562
Ph: 9388433225, 9886581025, 9400580205
0.1 മില്ലിഗ്രാം മുതൽ 120 ടൺ വരെ എല്ലാ റേഞ്ചുകളിലും, വിവിധ മോഡലുകളിലും
ഉത്തരകേരളത്തിൽ ഉടനീളം എപ്പോഴും എവിടെയും
മോഡലുകൾ
Counter Scale, Piece Counting Scale, Laboratory Scale, Price Computing Scale, Personal Scale, Bathroom Scale, Coin Operated Scale, Kitchen Scale, Animal Weighing Scale, Table Top Scale, Bench Scale, Platform Scale, Industrial Scale, Hanging Scale, Jewellery Scale, Electronic Weigh Bridge.